(ഡി) പാർക്കിംഗ് ഫീസ് താഴെപ്പറയുന്ന നിരക്കിൽ ഈടാക്കുന്നതായാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

വാഹനം	ഹൗവ്വ ബീച്ച് (രൂപ)	ഗ്രോവ് (രൂപ)
കാർ	10	12
സ്കൂട്ടർ	5	3
ഓട്ടോറിക്ഷാ	5	5
സുമോ	25	20
ബസ്	60	60
വാൻ	40	30

(ഇ) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) ഉണ്ട്. ഇക്കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നാണ്.

(ജി) റവന്യൂ വകുപ്പിന്റെ കൈവശമുള്ള 1.6 ഏക്കർ ഭൂമി പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിലേക്കായി ടൂറിസം വകുപ്പിന് കൈമാറ്റുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ലഭിക്കുന്ന മുറയ്ക്ക് പാർക്കിംഗ് ഏരിയ വികസിപ്പിച്ചെടുക്കാവുന്നതാണ്.

ടൂറിസം ഡിപ്പാർട്ട്മെന്റിലെ താൽക്കാലിക നിയമനം

113 [1799] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം ഡിപ്പാർട്ടുമെന്റിൽ എത്ര പേർക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം സ്ഥലങ്ങളിലാണെന്നും ആരെയെല്ലാമാണെന്നും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് ടൂറിസം ഡിപ്പാർട്ടുമെന്റിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടൂറിസം വകുപ്പിൽ 95 പേരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ, ടൂറിസം ഗ്യാരേജ്, സെൻട്രൽ സ്റ്റോർ എന്നിവിടങ്ങളിലാണ് താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഇങ്ങനെ നിയമിച്ച ജീവനക്കാരുടെ പേരുവിവരങ്ങൾ † അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി ആന്റ് ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

ആദിവാസികൾക്കായുള്ള വികസന പ്രവർത്തനങ്ങൾ

114 [1800] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികൾക്കായുള്ള വികസന പ്രവർത്തനങ്ങൾക്കുള്ള ഊരുകൂട്ടങ്ങളുടെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) ഊരുകൂട്ടത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കണ്ണവം, നരിക്കോട്മല, ബങ്കളം, മുണ്ടയോട്, പാത്തിക്കൽ തുടങ്ങിയ ആദിവാസി കേന്ദ്രങ്ങളിൽ എത്ര ഊരുകൂട്ടങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഊരുകൂട്ടങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ സഹായം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം പ്രവർത്തികൾക്കാണ് ധനസഹായം നൽകിയത് എന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly